## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *115      30-01-2018 -ൽ മറുപടിക്ക്

### ദുരന്തനിവാരണ അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. ഹൈബി ഈഡൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | റവന്യൂ വകുപ്പിന് കീഴിലുള്ള ദുരന്തനിവാരണ അതോറിറ്റിയുടെ ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | ദുരന്ത നിവാരണ നിയമം 2005 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു.<br>സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തനം ആരംഭിച്ചത് 2012 മുതൽ ആണ്. സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, കേന്ദ്ര ചട്ടപ്പടി സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ച് വരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവർത്തിച്ച് വരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു.<br>ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 23 പ്രകാരം സംസ്ഥാന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി പ്രകാരമാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 07/09/2016-ന് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിക്കുകയും 09/09/2016-ലെ സ.ഉ (സാധാ) നം. 3667/2016/ഡി.എം.ഡി പ്രകാരം സർക്കാർ ഇത് അംഗീകരിച്ച് ഉത്തരവ് |

<table>
<tr><td></td><td></td><td></td><td>പുറപ്പെടുവിക്കുകയും ഉണ്ടായി. പ്രസ്തുത പദ്ധതിയിൽ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. ആയത് അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>ബി)</td><td>ഓഖി ദുരന്തമുണ്ടായപ്പോൾ ദുരന്തസാധ്യത അപഗ്രഥനം ചെയ്യുന്നതിൽ ദുരന്തനിവാരണ അതോറിറ്റി പരാജയപ്പെടുകയും ദുരന്തസാധ്യത കുറയ്ക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;</td><td>ബി)</td><td>ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 18 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചുമതലകൾ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ഈ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അതോറിറ്റിക്ക് വീഴ്ച ഉണ്ടായിട്ടില്ല.</td></tr>
<tr><td>സി)</td><td>ദുരന്ത നിവാരണ അതോറിറ്റിക്കുണ്ടായ പരാജയമാണ് 77 ൽ പരം മത്സ്യത്തൊഴിലാളികൾ മരണമടയുന്നതിനും 324 പേരെ കാണാതാവുന്നതിനും ഇടയാക്കിയത് എന്നത് പരിഗണിച്ച് പ്രസ്തുത അതോറിറ്റിക്കുണ്ടായ വീഴ്ചയെക്കുറിച്ച് അന്വേഷിക്കുമോ;</td><td rowspan="2">സി) & ഡി)</td><td rowspan="2">കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ NDMA-guidelines - management of cyclones 2008 പ്രകാരവും, കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 പ്രകാരവും ചുഴലിക്കാറ്റ് പ്രവചിച്ച് അതിന്റെ ആഘാത മേഖല തിരിച്ച് കൃത്യമായ പ്രഖ്യാപനം നടത്തേണ്ടത് കേന്ദ്ര കാലാവസ്ഥ വകുപ്പാണ്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ (Cyclone Warning in India - Standard Operation Procedure, 2013) ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡം Section 6.5, പ്രകാരം ചുഴലിക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പത്ര സമ്മേളനം നടത്തേണ്ടതും, മാധ്യമങ്ങൾ, ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർമാർ, ഫിഷറീസ് വകുപ്പ് എന്നിവർക്ക് കൃത്യമായി, ലളിതമായ ഭാഷയിൽ, ചട്ടം നിർവചിക്കുന്നത് പ്രകാരം നേരിട്ട് വിളിച്ച് മുന്നറിയിപ്പ് നൽകേണ്ടുന്ന ചുമതലയും കേന്ദ്ര കാലാവസ്ഥാ വകുപ്പിനാണ്. അപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനാണ് എന്നതാണ് നിലവിൽ ഉള്ള നടപടിക്രമം.<br>22-12-2017 ന് ബഹു: കേന്ദ്ര ആഭ്യന്തര മന്ത്രി പാർലമെന്റിൽ നടത്തിയ പ്രസ്താവനയിൽ കേരളത്തിൽ ചുഴലിക്കാറ്റ് മുന്നറിയിപ്പ് നൽകിയത് 30-11-2017 ന് 11.50 am ന് മാത്രമാണ് എന്നും, ഈ ചുഴലിക്കാറ്റിന്റെ സവിശേഷതയാണ് ഈ ശാസ്ത്രീയ പരിമിതിക്ക് കാരണമായത് എന്നും വ്യക്തമാക്കിയിരുന്നു. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം പ്രകാരമുള്ള മുന്നറിയിപ്പുകൾ നൽകുവാൻ ഈ ശാസ്ത്രീയ പരിമിതി മൂലം സാധിക്കുമായിരുന്നില്ല എന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. 125 വർഷത്തിൽ ആദ്യമായിട്ടാണ് 'അപൂർവ്വങ്ങളിൽ അപൂർവ്വമായി', വെറും 6 മണിക്കൂർ കൊണ്ട് ചുഴലിയായി മാറിയ ഇത്തരം ഒരു പ്രതിഭാസം</td></tr>
<tr><td>ഡി)</td><td>ശാസ്ത്രീയ അടിത്തറയോടു കൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതിക വിദ്യ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഓഖി ചുഴലിക്കൊടുങ്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികൾക്ക് എന്നാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | അറബി കടലിൽ ഉണ്ടായത് എന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ Doppler Radar പോലും ഈ ചുഴലിയെ തിരിച്ചറിഞ്ഞത് 30-11-2017 ന് രാവിലെ ആണ് എന്നും അദ്ദേഹം പ്രസ്താവിച്ചു.<br>എന്നാൽ 30-11-2017 ന് പകൽ 8.30 ന് ലക്ഷദ്വീപിന് Standard Operating Procedure പ്രകാരം ചുഴലി മുന്നറിയിപ്പ് (Cyclone Alert) കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ചിരുന്നു. Deep Depression over Comorin area & Cyclone Alert for Lakshadweep Islands – ഈ ബുള്ളറ്റിനിൽ ആണ് ആദ്യമായി ചുഴലിക്കാറ്റാണ് ഈ പ്രതിഭാസം എന്ന അറിയിപ്പ് നൽകുന്നത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം പരിശോധിച്ചാൽ വ്യക്തമാകുന്നത് 30-11-2017 ന് വൈകിട്ട് 5.30 ന് മാത്രമേ ഇത് ചുഴലിക്കാറ്റായി മാറുകയുള്ളൂ എന്നാണ്. ഇവിടെ തെക്കൻ കേരള തീരത്തു 45-55 കി.മി. വേഗത്തിലും ചിലപ്പോൾ 65 കി.മി. വേഗത്തിലും കാറ്റ് ഉണ്ടാകുമെന്നും അതിനാൽ മത്സ്യ തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണം എന്ന് ഉപദേശിക്കണം എന്നുമുള്ള അറിയിപ്പാണ് ഉണ്ടായിരുന്നത്. ഇതോടൊപ്പം നൽകിയിരിക്കുന്ന ദിശാ സൂചനാ ഭൂപടത്തിൽ നൽകിയിരിക്കുന്നത് കേരള തീരത്ത് എത്താതെ ലക്ഷദ്വീപിലേക്ക് പോകുവാൻ സാധ്യതയുള്ള ഒരു ചുഴലിയാണ് ഇത് എന്നതാണ്. ലക്ഷദ്വീപിന് നൽകിയ, മുന്നറിയിപ്പ് സൂചന ലഭിച്ചത് മുതൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി Standard Operating Procedure പ്രകാരം നടപടികൾ ആരംഭിച്ചു.<br>ഇവിടം മുതൽ സംസ്ഥാന സർക്കാർ അടിയന്തിര പ്രവർത്തന ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിച്ചു. അപ്പോഴും കേരളത്തിൽ ചുഴലിയുടെ ആഘാതത്തെ കുറിച്ച് പരാമർശിക്കാതെ, ലക്ഷദ്വീപിൽ ചട്ടപ്പടി ചുഴലി മുന്നറിയിപ്പ് നൽകുകയാണ് ഉണ്ടായത്. ഇവിടെയും തെക്കൻ കേരള തീരത്തു 55-65 കി.മി. വേഗത്തിലും ചിലപ്പോൾ 75 കി.മി. വേഗത്തിലും കാറ്റ് ഉണ്ടാകും; തെക്കൻ കേരള തീരത്തു മത്സ്യ തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണം എന്ന് ഉപദേശിക്കണം എന്നുമുള്ള അറിയിപ്പാണ് ഉള്ളത്.<br>ചുഴലിയാണ് ഇത് എന്ന് ഉള്ള വിവരവും ചട്ടപ്പടി ചുഴലി മുന്നറിയിപ്പ് (Cyclone Alert) ലക്ഷദ്വീപിന് 30-11-2017 ന് രാവിലെ 8.30 ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നല്കിയതിൽ വൈകിട്ട് 5.30 ന് കേരള തീരത്ത് എത്തും എന്ന |

| | | | |
|---|---|---|---|
| | | | അനുമാനം ഉള്ളത് പരിഗണിച്ച് മുന്നൊരുക്കം നടത്തുവാൻ പൂർണമായും ഉണർന്നു പ്രവർത്തിച്ചു. അപകടത്തിൽപെട്ടവരിൽ കൂടുതലും 29-11-2017 നും അതിന് മുൻപും കടലിൽ പോയവരാണ്.<br>കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രവചിക്കാത്ത ചുഴലി സംബന്ധിച്ച് ഒരു തരത്തിലുള്ള മുന്നറിയിപ്പും നൽകുവാൻ സംസ്ഥാന സർക്കാർ സംവിധാനങ്ങൾക്ക് സാധിക്കില്ല.<br>കരയിൽ നിന്നും സംസ്ഥാന സർക്കാരിന്റെ അധികാര പരിധി കടന്നുപോയാൽ, മൊബൈൽ റേഞ്ചിന് അപ്പുറം, ചെറുകിട മത്സ്യ തൊഴിലാളികളെ ബന്ധപ്പെടുവാനും അവർക്ക് മുന്നറിയിപ്പുകൾ നൽകുവാനും പ്രത്യേക സംവിധാനം ഒന്നും രാജ്യത്ത് നിലവിലില്ല. മാധ്യമങ്ങളിലൂടെ പരമാവധി ആളുകളിൽ വിവരം എത്തിക്കുക എന്നത് മാത്രമാണ് ചെയ്യുവാൻ സാധിക്കുന്നത് .<br>ചുഴലിക്കാറ്റ് പ്രവചിക്കുവാൻ ചുമതലയുള്ള ഏജൻസി ചുഴലിക്കാറ്റ് പ്രവചനം ചട്ടപ്പടി നടത്തിയതിന് ശേഷം, 30-11-2017 ന് 8.30 am മുതൽ, പ്രസ്തുത വിവരത്തിന് അനുയോജ്യമായ ദുരന്ത സാഹചര്യം നിർവ്വചിക്കുവാനും മുൻകരുതൽ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നതിലും സംസ്ഥാന അതോറിറ്റി ഒരു വീഴ്ചയും കാട്ടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 12 ഇന ഉപലക്ഷ്യങ്ങൾ

1) ദുരന്തസാധ്യത അപഗ്രഥനം നിരന്തരമായി നടത്തുകയും വിവിധ ദുരന്തങ്ങൾക്ക് വിധേയരാകാവുന്ന ജനസഞ്ചയത്തിനെ കണ്ടെത്തുകയും ചെയ്യുക.
2) കേരളത്തിലെ ബഹുവിധ ദുരന്ത സാധ്യത മേഖലകളിൽ ദുരന്ത സാദ്ധ്യതകൾ കുറയ്ക്കുവാനായി വിവിധ വകുപ്പുകൾ പാലിക്കേണ്ടുന്ന പൊതു നിർദ്ദേശങ്ങൾ സൃഷ്ടിക്കുകയും നിരന്തരമായി പുതുക്കുകയും ചെയ്യുക.
3) പ്രാദേശിക തലത്തിൽ, പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് ദുരന്ത സാധ്യത ലഘൂകരണ പരിശീലനങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ ദുരന്ത അതിജീവന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക.
4) ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളെ ദുരന്ത ലഘൂകരണത്തിനായി ആവശ്യമായ അളവിൽ ഉപയോഗിക്കുക.
5) സംസ്ഥാനത്തിന്റെ ഭാവി വികസന പദ്ധതികളിൽ ആവശ്യമായ അളവിൽ ദുരന്ത ലഘൂകര വീക്ഷണകോൺ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
6) സംസ്ഥാന-ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും, കേരളത്തിലെ ദുരന്ത പ്രതികരണ-പ്രതിരോധ-തയാറെടുപ്പ് പ്രക്രിയകളുടെ ശാസ്ത്രീയ സാങ്കേതിക കേന്ദ്രങ്ങളായി ഇവയെ മാറ്റുകയും ചെയ്യുക.
7) ശാസ്ത്രീയ അടിത്തറയോടുകൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതിക വിദ്യ സംസ്ഥാനത്ത് സ്ഥാപിക്കുക.
8) വിവിധ വിവര സംവേദന സാങ്കേതികവിദ്യകൾ ദുരന്ത നിവാരണത്തിനായി ഉപയോഗപ്പെടുത്തുക. ഒരു സാങ്കേതിക വിദ്യ പരാജയപ്പെട്ടാൽ മറ്റൊന്ന് എപ്പോഴും ലഭ്യമായിരിക്കുമെന്നത് ഉറപ്പുവരുത്തുക.
9) സംസ്ഥാന അടിയന്തിരഘട്ട പ്രവർത്തന രൂപരേഖയും (Emergency Supports Functions Plan), ദുരന്ത പ്രതികരണ രൂപരേഖകളും (Standard Operating Procedure) കാലികമായി പുതുക്കുക.
10) സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
11) ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
12) ദീർഘകാല ദുരന്ത പുനർനിർമ്മാണ പ്രക്രിയയിൽ ആവശ്യമായ അറിവ് ലഭ്യമാക്കുകയും ആവശ്യാനുസരണം നടപ്പിൽ വരുത്തുകയും ചെയ്യുക

### 27 പദ്ധതികൾ

1) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം;- സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിനു കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള പ്രത്യേകതകൾ ഉള്ള ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.
2) സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ ആധുനിക വിവര സംവേദന ദുരന്ത തീരുമാന സാങ്കേതികവിദ്യ വികസനം: ഇന്ത്യ ഉൾപ്പടെ ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖ പ്രകാരം, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ആവശ്യമായ ദുരന്ത മുന്നറിവ് സാങ്കേതികവിദ്യ വികസനം കെൽട്രോൺ മുഖാന്തരം തയ്യാറായി വരുന്നു. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രവർത്തനം നടക്കുന്നത്.
3) സംസ്ഥാന ഭൂകമ്പ നിരീക്ഷണ സംവിധാന ശൃംഖല
4) സംസ്ഥാന തീര ദുരന്ത നിരീക്ഷണ സാങ്കേതിക വിദ്യ
5) കേന്ദ്ര സർക്കാരിന്റെയും UNDP യുടെയും സഹായത്തോടുകൂടി നടന്നുവരുന്ന സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതി

6) കേരളത്തിലെ വലിയ ഉത്സവങ്ങളിലെ സുരക്ഷ
7) വരൾച്ച പ്രതിരോധ പദ്ധതികൾ - ജലവർഷിണി, മഴപൊലിമ, വാട്ടർ കിയോസ്കുകൾ, പ്രാദേശിക വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ചെറു തടയണകൾ
8) മുല്ലപെരിയാർ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി
9) സംസ്ഥാന അഗ്നിശമന സേന ശാക്തീകരണം
10) ഭിന്നശേഷിയുള്ള വ്യക്തികളുടെ ദുരന്ത പ്രതികരണ ശാക്തീകരണം
11) കുഴലീകൃത മണ്ണൊലിപ്പിന്റെ പ്രതിരോധം
12) വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനം - ഓപ്പറേഷൻ അനന്ത
13) ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി
14) ദുരന്ത ലഘൂകരണ വിവര സംവേദനത്തിനായി ലഘുലേഖകൾ
15) പ്രാദേശിക കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ദുരന്ത ലഘൂകരണം ഉൾപ്പെടുത്തുന്നത്
16) സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം
17) ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെ ശാക്തീകരണം
18) ദുരന്ത വിവര സംവേദന സാങ്കേതിക വിദ്യയുടെ വികസനവും പരിപാലനവും
19) ദുരന്ത ലഘൂകരണ മുന്നൊരുക്കങ്ങൾ
20) 'സുരക്ഷിത കേരളത്തിനായി മുന്നേറാം' എന്ന ആപ്തവാക്യത്തിലൂന്നിയുള്ള സെമിനാറുകൾ
21) ദുരന്ത ലഘൂകരണ പരിശീലനങ്ങൾ
22) ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ് വർക്ക് - ദുരന്ത പ്രതികരണത്തിനായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവര ശേഖരണം
23) ദേശീയ അടിയന്തിരഘട്ട പരിപാലന വിവര ശേഖരണ സംവിധാനം
24) പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ദുരന്ത ലഘൂകരണ ശാക്തീകരണ സഹായം
25) മോക്ക് ഡ്രില്ലുകൾ
26) സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ ശാക്തീകരണം
27) അന്തർദേശീയ ദുരന്ത ലഘൂകരണ ദിനാഘോഷം

സെക്ഷൻ ഓഫീസർ